പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായക്ഷേമസമിതി
# (2014-2016)

## പതിനേഴാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പിന്നോക്കസമുദായക്ഷേമസമിതി (2014-16)യുടെ ഒൻപതാമത് റിപ്പോർട്ടിലെ (വിദ്യാഭ്യാസ അവകാശ നിയമപ്രകാരം തീരദേശ/മലയോര മേഖലകളിലെ സർക്കാർ എൽ.പി./യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# പിന്നോക്കസമുദായക്ഷേമസമിതി
# (2014-2016)

## പതിനേഴാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[പിന്നോക്കസമുദായക്ഷേമസമിതി (2014-16)യുടെ ഒൻപതാമത് റിപ്പോർട്ടിലെ (വിദ്യാഭ്യാസ അവകാശ നിയമപ്രകാരം തീരദേശ/മലയോര മേഖലകളിലെ സർക്കാർ എൽ.പി./യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച്]

302/2016.

# ഉള്ളടക്കം

| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

# പിന്നോക്കസമുദായക്ഷേമസമിതി (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. മമ്മൂട്ടി

അംഗങ്ങൾ :

ശ്രീ. കെ. അച്ചുതൻ

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. എ. റ്റി. ജോർജ്

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. സി. കൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. ആർ. സെൽവരാജ്

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. സി. ജോസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

# മുഖവുര

പിന്നോക്കസമുദായക്ഷേമസമിതി (2014-16)യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2016 ഫെബ്രുവരി 18-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

സി. മമ്മൂട്ടി,
*അദ്ധ്യക്ഷൻ,*
*പിന്നോക്കസമുദായക്ഷേമസമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

പിന്നോക്കസമുദായക്ഷേമസമിതി (2014-16)യുടെ ഒൻപതാമത് റിപ്പോർട്ട് (വിദ്യാഭ്യാസ അവകാശ നിയമപ്രകാരം തീരദേശ/മലയോര മേഖലകളിലെ സർക്കാർ എൽ.പി./യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച്) 2014 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 5 ശിപാർശകളാണ് ഉണ്ടായിരുന്നത്. സമിതിയുടെ ശിപാർശകളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ അച്ചടിച്ച പകർപ്പുകൾ 19-3-2015-ന് പൊതുവിദ്യാഭ്യാസ വകുപ്പിലേക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നിർവ്വഹണ പുരോഗതി സംബന്ധിച്ച് സമിതി 9-4-2015, 30-9-2015 എന്നീ തീയതികളിൽ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു:

സംസ്ഥാനത്ത് സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ കണ്ടെത്തുന്നതിനുള്ള സ്കൂൾ മാപ്പിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് അടിയന്തരമായി തീരുമാനം എടുക്കണമെന്ന് സമിതി നിർദ്ദേശിച്ചു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 100 വർഷം കഴിഞ്ഞതും ആവശ്യത്തിലധികം കുട്ടികൾ ഉള്ളതും ഭൗതിക സാഹചര്യം ഒരുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറായതുമായ, സർക്കാർ സ്കൂളുകൾ അധിക സാമ്പത്തിക ബാദ്ധ്യത വരാതെ അപ്ഗ്രേഡ് ചെയ്യാൻ സാധിക്കുമെന്നും അതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. സമിതിയുടെ ശിപാർശകളിന്മേൽ ലഭ്യമായ നടപടിപത്രികകൾ 30-9-2015, 18-2-2016 എന്നീ തീയതികളിൽ കൂടിയ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. വയനാട് ജില്ലയിലെ കെല്ലൂർ, നെല്ലിയമ്പം, പള്ളിക്കൽ എന്നീ ഗവ. സ്കൂളുകളിൽ അടുത്ത അധ്യയനവർഷം മുതൽ വിദ്യാർത്ഥികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യം ലഭിക്കത്തക്കരീതിയിൽ പ്രസ്തുത സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന പത്രികകളെ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

302/2016.

കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം V ചട്ടം 2, 2 എ പ്രകാരമാണ് സർക്കാർ/ എയ്ഡഡ് മേഖലയിൽ പുതുതായി സ്കൂളുകൾ അനുവദിക്കുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നത്. ഇതനുസരിച്ച് ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ അവശ്യകത (Educational need) കണ്ടെത്തി ഗസറ്റ് വിജ്ഞാപനം ചെയ്ത് ആയതുപ്രകാരം അപേക്ഷ ക്ഷണിച്ചശേഷമാണ് നടപടി സ്വീകരിക്കുന്നത്. 13-6-2007-ലെ സ.ഉ. (അച്ചടിച്ചത്) 107/2007/പൊ.വി.വ. പ്രകാരം സാധാരണഗതിയിൽ പുതിയ സ്കൂളുകൾ ആരംഭിക്കുകയോ അപ്ഗ്രേഡ് ചെയ്യുകയോ വേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നിരുന്നാലും പരിഗണനാർഹവും ഒഴിവാക്കാനാവാത്തതുമായ സാഹചര്യങ്ങളിൽ അപ്ഗ്രഡേഷനുള്ള നടപടികൾ ഓരോ ആവശ്യവും പ്രത്യേകമായി പരിഗണിച്ച് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്.

[പൊതുവിദ്യാഭ്യാസ (എഫ്) വകുപ്പിന്റെ 29-9-2015-ലെ 17430/എഫ്1/2015/പൊ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്]

വയനാട് ജില്ലയിലെ കുഞ്ഞോം ഗവ. എൽ.പി. സ്കൂൾ, കെല്ലൂർ ഗവ. എൽ.പി. സ്കൂൾ, നെല്ലിയമ്പം ഗവ. എൽ.പി. സ്കൂൾ, പള്ളിക്കൽ ഗവ. എൽ.പി. സ്കൂൾ എന്നിവ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ചുള്ള ശിപാർശയാണ് സമിതി മുന്നോട്ടുവച്ചിട്ടുള്ളത്. കുഞ്ഞോം ഗവ. എൽ.പി. സ്കൂൾ 2015-16 അദ്ധ്യയനവർഷം മുതൽ യു.പി. സ്കൂളായി ഉയർത്തി സ.ഉ. (കൈ.) നമ്പർ 134/15/പൊ.വി.വ. തീയതി 23-5-2015 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കെല്ലൂർ ഗവ. സ്കൂൾ ഹൈസ്കൂളായി ഉയർത്തണമെന്ന വിഷയവും പള്ളിക്കൽ ഗവ. എൽ.പി. സ്കൂൾ യു.പി. സ്കൂളായി ഉയർത്തണമെന്ന ശിപാർശയും ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

നെല്ലിയമ്പം ഗവൺമെന്റ് എൽ.പി. സ്കൂൾ, യു.പി. സ്കൂളായി ഉയർത്തണമെന്ന വിഷയത്തിലും ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യപ്പെട്ടിരിക്കുകയാണ്.

13-6-2007-ലെ സ.ഉ. (പി) നമ്പർ 107/2007/പൊ.വി.വ. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സാധാരണ ഗതിയിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ സ്കൂളുകൾ പുതുതായി അനുവദിക്കുകയോ അപ്ഗ്രേഡ് ചെയ്യുകയോ വേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. മാത്രവുമല്ല, പുതുതായി സ്കൂളുകൾ അനുവദിക്കുകയോ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യുന്നത് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം V ചട്ടം 2, 2 എ-യിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചാണ്. അതനുസരിച്ച് വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നിരുന്നാലും സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുത്ത്

പ്രത്യേക കേസായി പരിഗണിച്ച് സംസ്ഥാനത്തെ ചില സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സമീപകാലത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് 1 കിലോമീറ്ററിനുള്ളിൽ എൽ.പി. സ്കൂളും 3 കിലോമീറ്ററിനുള്ളിൽ യു.പി. സ്കൂളും 5 കിലോമീറ്ററിനുള്ളിൽ ഹൈസ്കൂളും ഉണ്ടാകേണ്ടതുണ്ട്. പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തുന്നതിനായി വിശദമായ സ്കൂൾ മാപ്പിംഗ് സർവ്വ ശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട ഡബ്ല്യു.പി.(സി) നമ്പർ 3060/2014 ഉൾപ്പെടെ ഒരു കൂട്ടം ഹർജികളിലെ 18-6-2015 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായപ്രകാരം സ്കൂൾ മാപ്പിംഗ് പൂർത്തിയാക്കി സ്കൂളുകളുടെ അപ്ഗ്രഡേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ബഹു. ഹൈക്കോടതി 31-12-2015 വരെ സമയമനുവദിച്ചിരിക്കുകയാണ്. അതുവരെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യരുതെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

[പൊതുവിദ്യാഭ്യാസ (എഫ്) വകുപ്പിന്റെ 10-2-2016-ലെ 17430/എഫ്1/2015/
പൊ.വി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്]

വയനാട് ജില്ലയിലെ കഞ്ഞോം ഗവ. എൽ.പി. സ്കൂൾ, കെല്ലൂർ ഗവ. എൽ.പി. സ്കൂൾ, നെല്ലിയമ്പം ഗവ. എൽ.പി. സ്കൂൾ, പള്ളിക്കൽ ഗവ. എൽ.പി. സ്കൂൾ എന്നീ 4 സ്കൂളുകളാണ് അപ്ഗ്രേഡ് ചെയ്യുന്നതിനായി നിയമസഭാ സമിതി ശിപാർശ ചെയ്തിരുന്നത്. ഇവയിൽ കഞ്ഞോം ഗവ. എൽ.പി. സ്കൂൾ സ.ഉ. (കൈ.) നമ്പർ 134/15/പൊ.വി. തീയതി 23-5-2015 പ്രകാരം 2015-16 അദ്ധ്യയനവർഷം മുതൽ യു.പി. സ്കൂളായി ഉയർത്തുകയുണ്ടായി. തുടർന്ന്, നെല്ലിയമ്പം ഗവ. എൽ.പി. സ്കൂൾ, കെല്ലൂർ ഗവ. എൽ.പി. സ്കൂൾ, പള്ളിക്കൽ ഗവ. എൽ.പി. സ്കൂൾ എന്നിവ അപ്ഗ്രേഡ് ചെയ്യുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുകയുമുണ്ടായി. എന്നാൽ, അതിനിടെ, സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് സമർപ്പിക്കപ്പെട്ട ഡബ്ല്യു.പി. (സി) 3060/2014 ഉൾപ്പെടെ ഒരു കൂട്ടം ഹർജികളിൽ ബഹു. ഹൈക്കോടതി 18-6-2015-ൽ വിധി പ്രസ്താവിക്കുകയുമുണ്ടായി. വിവേചനരഹിതമായി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന നടപടി അനുചിതമാണെന്ന് വിലയിരുത്തിയ ബഹു. ഹൈക്കോടതി, സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് സർക്കാർ നയം രൂപീകരിക്കണമെന്നും സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തി ആയതിന്റെ അടിസ്ഥാനത്തിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് തുടർനടപടികൾ സ്വീകരിക്കുകയും പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാകുംവരെ ഒരു സ്കൂളും അപ്ഗ്രേഡ് ചെയ്യരുതെന്നും

നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത വിധിപ്പകർപ്പ് സർക്കാരിൽ ലഭിക്കുന്നതിനുമുമ്പ് അപ്ഗ്രേഡ് ചെയ്യപ്പെട്ട തൃശ്ശൂർ ജില്ലയിലെ മാലിക് ദിനാർ ഇസ്ലാമിക് ഓർഫനേജ് സ്കൂളിന്റെ ഉത്തരവ് പിന്നീട് ബഹു. ഹൈക്കോടതി മേൽ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ സ്കൂളുകൾ സാധാരണഗതിയിൽ അപ്ഗ്രേഡ് ചെയ്യുകയോ പുതിയ സ്കൂളുകൾ ആരംഭിക്കുകയോ പാടില്ലെന്ന് 13-6-2007-ലെ സ.ഉ. (പി) 107/07/പൊ.വി. ഉത്തരവ് നിലവിലുണ്ട്. മാത്രവുമല്ല, സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതോ പുതിയ സ്കൂളുകൾ ആരംഭിക്കേണ്ടതോ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം V ചട്ടം 2, 2 എ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

എന്നാൽ, മേൽ ഉത്തരവിലും ചട്ടങ്ങളിലും ഇളവ് വരുത്തി പ്രത്യേക കേസായി പരിഗണിച്ചാണ് 2007-നുശേഷം സംസ്ഥാനത്തെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തുവന്നത്. ബഹു. ഹൈക്കോടതി വിധിപ്രകാരം ഇത്തരത്തിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് വിലക്കുണ്ട്. സ്കൂൾ മാപ്പിംഗ് പൂർത്തിയാക്കി തുടർന്നുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് ബഹു. ഹൈക്കോടതി അനുവദിച്ച സമയപരിധി 31-12-2015-ൽ അവസാനിച്ചിരുന്നു. സ്കൂൾ മാപ്പിംഗ് പൂർത്തിയാകാത്തതുകാരണം ഇക്കാര്യത്തിൽ കൂടുതൽ സമയം അനുവദിച്ചു കിട്ടുന്നതിനായി സർക്കാർ ബഹു. ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്.

ആയതിനാൽ, നെല്ലിയമ്പം ഗവ. എൽ.പി. സ്കൂൾ, കെല്ലൂർ ഗവ. എൽ.പി. സ്കൂൾ, പള്ളിക്കൽ ഗവ. എൽ.പി. സ്കൂൾ എന്നിവ അപ്ഗ്രേഡ് ചെയ്യുന്നതിനും ബഹു. നിയമസഭാ സമിതി ശിപാർശ ചെയ്ത മറ്റ് സ്കൂളുകളുടെ കാര്യത്തിലും നടപടി സ്വീകരിക്കുന്നതും മേൽ കോടതിവിധിയുടെ അടിസ്ഥാനത്തിൽ സ്കൂൾ മാപ്പിംഗ് പൂർത്തിയാക്കി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച പൊതു തീരുമാനമെടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ കഴിയുകയുള്ളൂ എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

<u>ശിപാർശ 3</u>

മലയോര/തീരദേശ മേഖലകളിലെ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന എൽ.പി./യു.പി. സ്കൂളുകളിൽ ഭൗതികസാഹചര്യങ്ങൾ ലഭ്യമാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

[പൊതുവിദ്യാഭ്യാസ (പിഎസ്.) വകുപ്പ് 8-4-2015-ലെ 16692/പിഎസ്./2015/ പൊ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്]

വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി എല്ലാ സ്കൂളുകളിലും യൂറിനലുകൾ, ടോയ്‌ലെറ്റ്, കുടിവെള്ള ലഭ്യത തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എസ്.എസ്.എ./ ആർ.എം.എസ്.എ./തദ്ദേശസ്വയംഭരണ ഫണ്ടുപയോഗിച്ച് ഒരുക്കിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം 20 കോടി രൂപയും 2013-14 വർഷം 160 ലക്ഷം രൂപയും ഭരണാനുമതിയും സാമ്പത്തികാനുമതിയും സർക്കാർ നൽകുകയുണ്ടായി. എന്നാൽ, പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ച സ്കൂളുകളിൽ ശൗചാലയം നിർമ്മിക്കുവാനുള്ള സ്ഥല സൗകര്യങ്ങൾ ഇല്ലാതിരിക്കുകയും ചില സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കൂടുതൽ ശൗചാലയങ്ങൾ നിർമ്മിച്ചിരിക്കുന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ സ്കൂൾ ലിസ്റ്റിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകാരം നൽകിയിട്ടുണ്ട്.

എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് അതത് നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ ക്ലാസ് റൂം, ടോയ്‌ലെറ്റ്, യൂറിനൽ, സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബുകൾ, ലബോറട്ടറികൾ, ബസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി തുക പ്രയോജനപ്പെടുത്തുന്നതിനുള്ള ഭരണാനുമതി നൽകാറുണ്ട്.

ഇപ്രകാരം എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചും ആർ.എം.എസ്.എ./എസ്.എസ്.എ./തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ചും സർക്കാർ സ്കൂളുകളിൽ വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പോരായ്മകൾ ശ്രദ്ധയിൽപ്പെടുമ്പോൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അനാദായകരമായ സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനായി സർക്കാർ 'ഫോക്കസ് കേരള' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

<u>ശിപാർശ 4</u>

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അദ്ധ്യാപക ബാങ്കിൽ നിന്ന് അദ്ധ്യാപകരെ പുനർവിന്യസിച്ച് പിന്നോക്ക പ്രദേശങ്ങളിലെ വിദ്യാലയങ്ങളിലെ അദ്ധ്യാപകക്ഷാമം പരിഹരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

[പൊതുവിദ്യാഭ്യാസ (പിഎസ്.) വകുപ്പ് 8-4-2015-ലെ 16692/പി.എസ്/15/ പൊ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്]

പ്രസ്തുത ശിപാർശ നടപ്പിലാക്കുമ്പോൾ പ്രായോഗിക ബുദ്ധിമുട്ടുകളെന്തെങ്കിലും നിലവിലുണ്ടോ എന്ന കാര്യങ്ങളിലുൾപ്പെടെ ഒരു സമഗ്രമായ റിപ്പോർട്ട് ലഭ്യമാക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ അദ്ധ്യാപക ബാങ്ക് എന്ന നിർദ്ദേശവും അദ്ധ്യാപക പാക്കേജും ബഹു. ഹൈക്കോടതിയുടെ 15-1-2015-ലെ

ഡബ്ല്യു.പി.(സി) 30107/13-ാം നമ്പർ വിധിയിലൂടെ റദ്ദ് ചെയ്തിരിക്കുന്നതിനാൽ നിലവിൽ സമിതിയുടെ ശിപാർശ സംബന്ധിച്ച തീരുമാനമൊന്നും എടുക്കാൻ നിർവ്വാഹമില്ലാത്ത അവസ്ഥ നിലനിൽക്കുന്നു. പ്രസ്തുത കോടതിവിധിക്കെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. കോടതിവിധിക്കനുസൃതമായി മാത്രമേ സർക്കാരിന് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

ശിപാർശ 5

സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ വിദ്യാലയങ്ങളിലേക്കുള്ള ഗതാഗത സൗകര്യങ്ങളും വാർത്താവിനിമയ സൗകര്യങ്ങളും മെച്ചപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

[പൊതുവിദ്യാഭ്യാസ (പിഎസ്.) വകുപ്പ് 8-4-2015-ലെ 16692/പി.എസ്./15/ പൊ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്]

പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിൽ പ്രഥമാദ്ധ്യാപകൻ സ്വന്തം നിലയിൽ സ്വകാര്യ വാഹനങ്ങൾ ഒരുക്കിക്കൊടുക്കുകയും അതിനായി വേണ്ടിവരുന്ന തുക Internal Tribal Development Project-ന്റെ കീഴിൽ നടപ്പിലാക്കിവരുന്ന ഗോത്രസാരഥി പദ്ധതിയിൽനിന്നും റീഇംപേഴ്സ് ചെയ്യുന്നു. ഇത്തരത്തിൽ പ്രത്യേക പരിഗണനയർഹിക്കുന്ന മുഴുവൻ സ്കൂളുകളിലെയും കുട്ടികൾക്കായി ഇത്തരം വാഹനസൗകര്യങ്ങൾ ഒരുക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ സംരംഭകർ എന്നിവർ ഉൾപ്പെടുന്ന സമിതികളുടെ മേൽനോട്ടത്തിൽ സ്കൂൾ വാനുകളും മറ്റും ഏർപ്പെടുത്തുന്നതിനും വിദ്യാഭ്യാസ വകുപ്പും പിന്നോക്കക്ഷേമ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തസംരംഭമായി കണ്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയ ആധുനിക സാങ്കേതികവിദ്യകൾ ലഭ്യമാക്കി മലയോര/തീരദേശ മേഖലയിലെ സ്കൂളുകളെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുവാൻ അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകുന്നതാണ്.

സി. മമ്മൂട്ടി,
*അദ്ധ്യക്ഷൻ,*
*പിന്നോക്കസമുദായക്ഷേമസമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.